# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ: അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികളെ പ്രസ്തുത ജില്ലയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് ജില്ലകളിലേക്ക് താൽക്കാലികമായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ ; 16949/എസ്റ്റാ.സി1/19/സി.ആർ.ഡി തിയതി: 27.11.2019

പരാമർശം:-
1. എറണാകുളം എ.ഡി.സി. (ജനറൽ)യുടെ 18.11.2019-ലെ ആർ.ഡി.3/609/2018 നം. ഉത്തരവും കത്തും
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എറണാകുളം ജില്ലാ ഓഫീസറുടെ 10.10.2019-ലെ EII (2) 2856/11 (3) നം. കത്ത്
3. ശ്രീ. രഞ്ജിത്ത്. പി. ആർ, പട്ടമനക്കടവിൽ വീട്, ഉദയം പേരൂർ-ന്റെ 18.11.2019-ലെ അപേക്ഷ
4. ശ്രീ. സന്തോഷ്. പി, പെരിയാത്ത് മഠം, ചേമ്പരശ്ശേരി-യുടെ 18.11.2019-ലെ അപേക്ഷ

## ഉത്തരവ്

ഗ്രാമവികസന വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ ഡ്രൈവർ ഗ്രേഡ്-2 എൽ.ഡി.വി. തസ്തികയിൽ നിയമിക്കുന്നതിനായി സൂചന (2) പ്രകാരം നിയമന ശുപാർശ നൽകിയി 1.) ശ്രീ. രാജിത്ത്. പി. ആർ, പട്ടമനക്കടവിൽ വീട്, ഉദയംപേരൂർ, 2.) ശ്രീ. സന്തോഷ്. പി., പെരിയാത്ത് മഠം, ചേമ്പരശ്ശേരി എന്നീ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് എറണാകുളം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ സൂചന (1) പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നതിൻപ്രകാരം ടി ഉദ്യോഗാർത്ഥികൾ 19.11.2019 രാവിലെ ഗ്രാമവികസന കമ്മീഷണറേറ്റിൽ സൂചന (3), (4) എന്നിവ പ്രകാരം ഹാജരായിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളെ ഗ്രാമവികസന വകുപ്പിൽ നിലവിലുള്ള ഒഴിവുകളിൽ താഴെ പറയും പ്രകാരം താൽക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, വിലാസം | നിയമനം നൽകുന്ന തസ്തികയും ഓഫീസും | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ. രാജിത്ത്. പി. ആർ, പട്ടമനക്കടവിൽ വീട്, ഉദയംപേരൂർ | ഡ്രൈവർ ഗ്രേഡ് - 2 ഗ്രാമവികസന കമ്മീഷണറേറ്റ് തിരുവനന്തപുരം | |
| 2 | ശ്രീ. സന്തോഷ്. പി പെരിയാത്ത് മഠം, ചേമ്പരശ്ശേരി | ഡ്രൈവർ ഗ്രേഡ് - 2 മലപ്പുറം ജില്ല | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം - ഉചിത നിയമനം നൽകേണ്ടതാണ്. |

ടി ഉദ്യോഗാർത്ഥികളുടെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയുടെ പകർപ്പും മറ്റ് രേഖകളും എറണാകുളം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് അയച്ചുകൊടുക്കേണ്ടതും ആഫീസ് മേധാവികൾ പ്രസ്തുത രേഖകളും ഉദ്യോഗാർത്ഥികളുടെ യോഗ്യത സംബന്ധിച്ച രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം മാത്രം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്.

ശ്രീ. രാജിത്ത്. പി. ഒ, ശ്രീ. സന്തോഷ്. പി എന്നിവർ യഥാക്രമം 16.11.2019, 18.11.2019 തീയതികളിൽ ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കി ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കേണ്ടതാണ്.

എറണാകുളം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ ടി ഉദ്യോഗാർത്ഥികൾക്കായി മാറ്റി വയ്ക്കേണ്ടതും ഒഴിവുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

1. ശ്രീ. രാജിത്ത്. പി. ആർ,
   പട്ടമനക്കടവിൽ വീട്,
   ഉദയംപേരൂർ

2. ശ്രീ. സന്തോഷ്. പി
   പെരിയാത്ത് മഠം,
   ചേമ്പരശ്ശേരി

പകർപ്പ്:-

1. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം/ മലപ്പുറം
2. അക്കൗണ്ട്സ് ഓഫീസർ, സി.ആർ.ഡി, തിരുവനന്തപുരം
3. പി & എം.സെക്ഷൻ, സി.ആർ.ഡി (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

ആർ.ജെ.എസ്.